## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5979 08.07.2013-ൽ മറുപടിയ്ക്ക്

### അച്ചടി വകുപ്പിലെ 'അദർഡ്യൂട്ടി' വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ഉബൈദുള്ള** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അച്ചടി വകുപ്പിൽ ഓരോ പ്രസ്സിലേക്കും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ അനുവദിച്ചതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ? | (എ) തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് കാലാകാലങ്ങളിൽ അച്ചടി വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ വിവിധ തലങ്ങളിൽ വിശദമായി പരിശോധിച്ചശേഷമാണ് ഓരോ പ്രസ്സിലേക്കും തസ്തികകൾ അനുവദിച്ചിട്ടുള്ളത്. |
| (ബി) അച്ചടി വകുപ്പിൽ ജീവനക്കാരെ അവരുടെ ലാവണം ഉള്ള പ്രസ്സിൽ നിന്നും മറ്റു പ്രസ്സുകളിലേക്ക് 'അദർഡ്യൂട്ടി' വ്യവസ്ഥയിൽ സ്ഥലം മാറ്റം നൽകി നിയമിക്കുമ്പോൾ 'അദർഡ്യൂട്ടി' എന്ന് ഉദ്ദേശിക്കുന്നതെന്താണ്; നിശ്ചയിക്കപ്പെട്ടിട്ടുള്ള ജോലിയല്ലാതെ മറ്റ് ജോലി ചെയ്യുമ്പോൾ അവരുടെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ജോലിയിലുള്ള പ്രൊബേഷൻ പൂർത്തി | (ബി) അച്ചടി വകുപ്പിൽ അദർഡ്യൂട്ടി നിർത്തലാക്കിക്കൊണ്ട് 25.06.2011-ലെ 42505/എച്ച്1/10/ഉ.വി.വ. നമ്പർ സർക്കാർ കത്ത് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട്, കൊല്ലം ഗവൺമെന്റ് പ്രസ്സുകളിൽ ആവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ ഏതാനും ജീവനക്കാരെയും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, |

| | |
|---|---|
| യായതായി കണക്കാക്കാൻ നിയമം അനുവദിക്കുന്നുണ്ടോ? | മണ്ണുത്തല, വാഴൂർ എന്നീ പ്രസ്സുകളിൽ ബഡ്ജറ്റ്, ഡയറി, കലണ്ടർ തുടങ്ങിയ അടിയന്തിര ജോലി സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടി വരുമ്പോഴും ചില പ്രത്യേക സാഹചര്യങ്ങളിൽ മാനുഷിക പരിഗണന നൽകേണ്ട കേസുകളിലും ചില ജീവനക്കാർക്ക് പ്രവർത്തനക്രമീകരണാർത്ഥം നിയമനം നൽകിയിട്ടുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ പ്രസ്തുത പ്രസ്സുകളിലെ ജോലികൾ കൂടി കണക്കിലെടുത്ത് പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ഇതിന്റെ നിയമവശവും പരിശോധിക്കുന്നതാണ്. |

Hinya Kumari A.

സെക്ഷൻ ഓഫീസർ